ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പ്രത്യേക പതിപ്പ് | 2007 ഡിസംബർ 15 | പേജ് 4



41-ാം അടിയന്തിരം ജന്മനാട്ടിൽ

പാത്താമുട്ടം: മലങ്കര ഓർത്തഡോക്സ് സഭയുടെ കൊൽക്കത്താ ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ 41-ാം അടിയന്തിരം അദ്ദേഹത്തിന്റെ മാതൃഇടവകയായ പാത്താമുട്ടം സ്ലീബാ പള്ളിയിൽ ഡിസംബർ 15-ാം തീയതി ശനിയാഴ്ച ആചരിക്കും.

15 ന് രാവിലെ എട്ടുമണിക്ക് പ്രഭാത നമസ്കാരവും 9 മണിക്ക് പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്തിലും വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് അനുസ്മരണസമ്മേളനവും നടക്കും.

2500 പേർക്ക് അടിയന്തിരസദ്യ ഒരുക്കുവാനുള്ള ക്രമീകരണങ്ങൾക്ക് പാത്താമുട്ടം സ്ലീബാ പള്ളി വികാരി ഫാ. തോമസ് പി. സഖറിയായും സമീപ ഇടവക വികാരിമാരും ട്രസ്റ്റിമാരും സംയുക്ത നേതൃത്വം നല്കുന്നു.

- ജോർജിയൻ ടീം

അനുസ്മരണം

കണ്ടുപഠിക്കുവാൻ അനേകം കാര്യങ്ങൾ

ഗീവർഗീസ് മാർ ഈവാനിയോസ് (കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ)

തേവോദോസ്യോസ് തിരുമേനി നല്ലതുപോലെ പ്രവർത്തിച്ചു. സഭയ്ക്ക് അഡ്രസ്സ് ഉണ്ടാക്കിക്കൊടുത്തു. നോർത്തിന്ത്യയിൽ നമുക്ക് പ്രവർത്തിക്കുവാ ൻ സാധിക്കും എന്ന് കാണിച്ചു തന്നു. കൽക്കട്ടാ ഭദ്രാസനത്തിൽ ധാരാളം പള്ളികൾ സ്ഥാപിച്ചു. സ്ഥാപനങ്ങൾ ആരംഭിച്ച് വളർത്തിയെടുത്തു. ആരും അവിടെ പോകുവാനില്ലാത്ത കാലത്ത് തിരുമേനി അവിടെ ചെന്ന് ചെയ്ത കാര്യങ്ങൾ അത്ഭുതപ്പെടുത്തുന്നവയായിരുന്നു. പക്ഷേ തിരുമേനിക്ക് വേണ്ട പിൻതുണ ലഭിക്കാതെ പോയി. ആരും അവിടെ സ്ഥിരമായി സേവനം ചെയ്യുവാൻ താൽപര്യപ്പെട്ടില്ല. അത് തിരുമേനിയെ സങ്കടപ്പെടുത്തി. യുവജനപ്രസ്ഥാനം പ്രവർത്തകർ ഭിലായിൽ പോകണം. കണ്ടുപഠിക്കുവാൻ അനേകം കാര്യങ്ങൾ അവിടെ ഉണ്ട് തിരുമേനിയുടെ സ്വപ്നമായ പാത്താമുട്ടം കോൺവെന്റ് ഭിലായി മിഷന്റെ കീഴിൽ വളർത്തിയെടുക്കണം.

പ്രവാസികളുടെ ഇടയന് ആയിരങ്ങളുടെ അന്ത്യോപചാരം

ജോർജിയൻ ടീം

ഭിലായി: മലങ്കര ഓർത്തഡോക്സ് സഭയുടെ കൽക്കട്ടാ ഭദ്രാസനാധിപൻ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ (83) നവംബർ 5-ന് തിങ്കളാഴ്ച മസ്ക്കറ്റിൽ കാലം ചെയ്തു.

തിരുമനസ്സിലെ ഭൗതിക ശരീരം പ്രത്യേക വിമാനത്തിൽ ഭദ്രാസനാസ്ഥാനമായ ഭിലായിൽ കൊണ്ടുവന്ന് സെന്റ് തോമസ് ആശ്രമത്തിൽ 8-ാം തീയതി വ്യാഴാഴ്ച കബറടക്കി. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ പൗലോസ് മാർ മിലിത്തിയോസ് തിരുമനസ്സു കൊണ്ട് കബറടക്ക ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. മെത്രാപ്പോലീത്താമാരും വൈദികരും ആയിരക്കണക്കിന് വിശ്വാസികളും അന്ത്യോപചാരം അർപ്പിച്ചു.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സുവിശേഷ ദൗത്യം നിർവഹിച്ച തിരുമേനി പ്രവാസികളുടെ ഇടയനായിരുന്നു. ഗൾഫിലുള്ള മിക്ക ഇടവകകളിലും വികാരിയായി ശുശ്രൂഷ ചെയ്ത തിരുമേനിയാണ് പല ഇടവകകളുടെയും സ്ഥാപകൻ. കൽക്കട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ എന്ന നിലയിൽ തിരുമേനി പടുത്തുയർത്തിയതാണ് ഭദ്രാസനത്തിൽ ഇന്നുകാണുന്ന എല്ലാ സ്ഥാപനങ്ങളും.

ഉത്തരേന്ത്യയുടെ ഉത്തമ ഇടയൻ

ഡോ. മാത്യൂസ് മാർ സേവേറിയോസ് (സുന്നഹദോസ് സെക്രട്ടറി)

മഹാരഥന്മാരുടെ പട്ടികയിൽ സ്ഥാനം പ്രാപിച്ച മഹാത്മാവായിരുന്നു കാലംചെയ്ത സ്തേഫാനോസ് മാർ തേവോദോസ്യോസ്. അദ്ദേഹത്തിന്റെ തനതായ ജീവിത-പ്രവർത്തന ശൈലികൾ അനുപമമാണ്. ഒരു പള്ളിക്കാവശ്യമുള്ള സർവ്വസാധനങ്ങളും ഒരു പെട്ടിയിലാക്കി തലയിൽ ചുമന്ന് മൈലുകളോളം കാൽനടയായി ഗ്രാമങ്ങളിൽ നിന്നു ഗ്രാമങ്ങളിലേക്കു ആരാധനയ്ക്കായി കടന്നുചെന്ന അദ്ദേഹം ഗ്രാമവാസികളുടെ കണ്ണിലുണ്ണി ആയി സാമൂഹ്യസേവനത്തിലും മുഴുകിയിരുന്നു. കർമ്മനിരതനായിരുന്ന തിരുമേനി ഇടവക സന്ദർശന സമയത്താണ് സ്വന്തം ഇടവകയായ മസ്ക്കറ്റിൽ വച്ച് കാലം ചെയ്തത്. എവറസ്റ്റ് പർവ്വതാരോഹണ സമയത്ത് മരിച്ച ആളിന്റെ ശവകുടീരത്തിൽ,"He died climbing"എന്ന് രേഖപ്പെടുത്തിയിരുന്നതുപോലെ 83-ാം വയസ്സിലും അജപാലനത്തിന്റെ വിശ്രമരഹിതമായ ആരോഹണത്തിൽ തിരുമേനിയെക്കുറിച്ചും 'He died climbing' എന്ന് നിർവ്വിശ്ശങ്കം രേഖപ്പെടുത്താം.

മലങ്കരസഭയുടെ ഉത്തരഭാരതമിഷനെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അതിന്റെ പ്രവർത്തനശൈലിയിൽ തനതും നൂതനവുമായ ഒട്ടേറെ പാഠങ്ങൾ പഠിച്ചു; പഠിപ്പിച്ചു. അദ്ദേഹത്തിന് ഇതു സംബന്ധിച്ചുണ്ടായ എല്ലാ സ്വപ്നങ്ങളും പൂവണിഞ്ഞിട്ടില്ല. കാർഷിക വിദ്യാഭ്യാസ-സാധുജനസംരക്ഷണ മേഖലകളിൽ കൂടിയുള്ള ക്രൈസ്തവസാക്ഷ്യത്തിന് ഒരു പുതുശൈലി അദ്ദേഹത്തിലൂടെ യാഥാർത്ഥ്യമായി. 'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം' (അപ്പോ. 20:35) എന്ന ക്രിസ്തുനാഥന്റെ പ്രബോധനം അക്ഷരീകമായി ഉൾക്കൊണ്ടു കൊണ്ട് മാർ തേവോദോസ്യോസ് തിരുമേനി 'തന്റെ ജീവിതത്തെ മുഴുവനായും ദൈവത്തിന് പ്രസാദമുള്ള ആത്മീക യാഗമായി' (റോമ. 12:1) ക്രിസ്തുവിന് സമർപ്പിച്ചു; ഉത്തര ഭാരതത്തിലെ തന്റെ വാത്സല്യ മക്കൾക്കായി ദാനം ചെയ്തു. അവരുടെ ഇടയിൽ 50-ൽ അധികം വർഷങ്ങൾ പ്രവർത്തിച്ചു. സംഖ്യകൊണ്ടു അളക്കുവാൻ പാടില്ലാത്ത വർഷങ്ങളിലേക്ക് അവരുടെ ഇടയിൽ തന്നെ വിശ്രമം കൊള്ളുന്നു. അദ്ദേഹത്തിന്റെ ദൗത്യം മലങ്കരസഭ തുടരേണ്ടിയിരിക്കുന്നു. അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ ശരണപ്പെടാം.

◆

സഭയുടെ യശസ്സ് ഉയർത്തിയ ശ്രേഷ്ഠാചാര്യൻ

ഫാ. പി. എ. തോമസ് (വികാരി, സെന്റ് ജോർജ് പള്ളി, കുഴിമറ്റം)

ഉത്തര ഭാരതത്തിൽ കൽക്കത്ത ഭദ്രാസനത്തിന്റെ കീഴിലുള്ള സംസ്ഥാനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ യശസ്സ് ഉയർത്തിക്കാട്ടിയ ആദ്ധ്യാത്മിക ശ്രേഷ്ഠാചാര്യനാണ് കാലം ചെയ്ത ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി. യേശുക്രിസ്തുവിന്റെ സ്നേഹവും പരിപാലനവും സഭയിൽപ്പെട്ടവരും പെടാത്തവരുമായ വടക്കേ ഇന്ത്യൻ സ്ഥലവാസികൾക്ക് നേരിട്ട് അറിയാനും അനുഭവിക്കാനും ദൈവം അയച്ച ഒരു മിഷനറികൂടിയായിരുന്നു അഭിവന്ദ്യതിരുമേനി. പരാതികളും പരിഭവങ്ങളുമില്ലാതെ വടക്കേ ഇന്ത്യയിൽ പ്രവർത്തിച്ച തിരുമേനിയുടെ മുഖത്തെ പുഞ്ചിരി നമുക്ക് പ്രത്യേക സന്ദേശം നൽകുന്നുണ്ട്. "യേശുവിനുവേണ്ടി സ്വയം ത്യജിക്കുക, സുവിശേഷത്തിനായി ജീവിക്കുക." തിരുമേനിയുടെ ലാളിത്യവും എളിമയും മറ്റൊരു സന്ദേശം കൂടി നമുക്ക് നൽകുന്നുണ്ട് സ്ഥാനമാനങ്ങൾക്കനുസൃതമായി ജനത്തിൽ നിന്നകലാതെ മനുഷ്യനെ മാനിക്കുക. ഒരു തിരുമേനിയിൽ നിന്ന് സാധാരണജനം പ്രതീക്ഷിക്കുന്ന സകലഗുണങ്ങളും തിരുമേനിയിൽ വിളങ്ങിയിരുന്നു എന്ന യാഥാർത്ഥ്യം അടുത്തറിഞ്ഞവർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

ഭിലായ് മിഷൻ പ്രവർത്തനങ്ങൾക്ക് വെള്ളവും വെളിച്ചവും വളവും നൽകി അതിനെ പരിപോഷിപ്പിച്ചു. അതിന്റെ പ്രവർത്തനമേഖലകളെ ഗ്രാമങ്ങളിലേക്കും വിസ്തൃതപ്പെടുത്തി. പട്ടിണിപാവങ്ങൾക്കും വിദ്യാവിഹീനർക്കും തിരുമേനിയുടെ മിഷൻ പ്രവർത്തനങ്ങൾ തുണയേകി. തിരുമേനിയുടെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ കോഴപ്പണം വാങ്ങാതെ കുട്ടികൾക്ക് പഠിക്കാൻ വിപ്ലകരമായ മാറ്റം തിരുമേനി വരുത്തി. ലാഭത്തേക്കാൾ ഉപരി സേവനത്തിനാണ് തിരുമേനി മുൻതൂക്കം നൽകിയത്. ഇടയശ്രേണിയിൽ ലാളിത്യം കൊണ്ടും ഭക്തികൊണ്ടും നിസ്വാർത്ഥതകൊണ്ടും പുതിയ തലമുറയ്ക്ക് ആവേശം പകർന്ന തേവോദോസ്യോസ് തിരുമേനിക്ക് ഒരായിരം പ്രണാമങ്ങൾ.

ഉത്തരഭാരത മിഷന്റെ നവോത്ഥാന ശില്പി

ഫാ. രാജു തോമസ്, ഭിലായ്



വചനമാകുന്ന വിത്തെറിയാൻ വിജാതിയരുടെ വിളനിലത്തിലേക്ക് അയയ്ക്കപ്പെട്ട വിതക്കാരൻ ആ വിളനിലത്തെ ഫലം നിറഞ്ഞ വിളഭൂമിയാക്കി നമ്മെ ഏല്പിച്ചു കടന്നുപോയി. കർത്താവിന്റെ വചനം കൈയിലേന്തിയ ഈ ആചാര്യന്റെ മനസ്സിൽ നിറഞ്ഞിരുന്നത് 'നിന്റെ ഇഷ്ടം നിറവേറണമെ' എന്ന പ്രാർത്ഥന മാത്രമായിരുന്നു. ശാന്തിയുടെ ജീവൽസ്പന്ദനങ്ങളുമായി നാല് ദശാബ്ദത്തിലധികം ഈ പിതാവ് ഉത്തരേന്ത്യയിൽ സ്നേഹസൗഹൃദത്തിന്റെ അനേകം ഹൃദയകൂടാരങ്ങൾ സൃഷ്ടിച്ചു. അക്ഷരവിദ്യയുടെ അനവധി സംരംഭത്തിൽ ഉത്തരേന്ത്യയിലെ അനേകം ഗ്രാമങ്ങൾ നവോത്ഥാനത്തിന്റെ പടവുകൾ ചവുട്ടിക്കയറി. സമ്പത്തിന്റെയും പ്രതാപത്തിന്റെയും മാഞ്ഞുപോകുന്ന തിളക്കങ്ങൾ ഈ പിതാവിന് ചുറ്റുമില്ലായിരുന്നു. മറിച്ച് മടിശ്ശീലയിൽ പൊന്നും വെള്ളിയുമില്ലാതെ രണ്ടു വടിയും രണ്ടുടുപ്പുമില്ലാതെ എല്ലാം ദൈവം നടത്തിത്തരും എന്ന ഉറച്ചബോധ്യത്തോടെ ഈ പിതാവ് ചുവടുകൾ വച്ചു. കൂട്ടായുണ്ടായിരുന്നത് ഹൃദയത്തിൽ നിറഞ്ഞിരുന്ന പ്രേഷിതചൈതന്യം മാത്രം.

ഉത്തരഭാരതത്തിൽ മിഷൻ ചൈതന്യവുമായി നാല് ദശാബ്ദത്തിനുമുമ്പ് ഈ അജപാലകൻ വന്നിറങ്ങുമ്പോൾ സ്വന്തമെന്നുപറയാൻ ഒന്നുംതന്നെയില്ലായിരുന്നു. ദൈവത്തെ അറിയാത്തവർക്ക് ദൈവസ്നേഹം എന്താണെന്ന് തൊട്ടുതീണ്ടാത്തവർക്ക് ആ സ്നേഹം വാരിക്കോരി കൊടുക്കുകയായിരുന്നു മാർ തേവോദോസിയോസ് പിതാവ്. വേദനയനുഭവിക്കുന്ന ഗ്രാമീണ ജനങ്ങളുടെ വേദന തന്റെ സ്വന്തം വേദനയായി മാറ്റിക്കൊണ്ട് പ്രതിഫലമോ ലാഭേച്ഛയോ പ്രതീക്ഷിക്കാതെ ക്രിസ്തുവിന്റെ സ്നേഹം അവർക്ക് നൽകിയിട്ട് തിരിച്ച് അവരുടെ പക്കൽ നിന്നും വാങ്ങിയത് പാപികളുടെ ഹൃദയമിടിപ്പും പാവപ്പെട്ടവരുടെ വേദനകളും വിഹ്വലതകളുമാണ്. അങ്ങനെ ഗ്രാമീണ സമൂഹത്തിൽ ശബ്ദമില്ലാത്തവന്റെ ശബ്ദമായി, ആശയറ്റവരുടെ പ്രതീക്ഷയായി, എല്ലാം നഷ്ടപ്പെട്ടവന് എല്ലാമായി ഈ അജപാലകൻ മുന്നേറി.

ജീവകാരുണ്യപ്രവർത്തനങ്ങൾ നല്ലതാണ് ആവശ്യമാണ്. പക്ഷേ മനുഷ്യനേയും സമൂഹത്തെയും മാറ്റിയെടുക്കലാണ് സർവ്വപ്രധാനം. അതു സാധിക്കാൻ ജീവകാരുണ്യ പ്രവർത്തനങ്ങളെക്കൊണ്ടു മാത്രം കഴിയില്ല

(ശേഷം നാലാം പേജിൽ)

അവധൂതന്റെ ഓർമ്മയിൽ

ഫാ. തോമസ് പി. സഖറിയാ (പാത്താമുട്ടം സ്റ്റീബാ പള്ളി വികാരി)

മലങ്കര സഭയുടെ ശ്രേഷ്ഠാചാര്യന്മാരിലൊരാൾ കൂടെ അദൃശ്യസഭയിലേക്ക് മാറ്റപ്പെട്ടു. ദൈവത്തിന്റെ വിശുദ്ധരോട് ചേർന്നു അവനെ സ്തുതിക്കുവാനും നമുക്കു വേണ്ടി ദൈവസന്നിധിയിൽ അപേക്ഷകൾ സമർപ്പിക്കുവാനും ദൈവത്താൽ വിളിക്കപ്പെട്ട പിതാവ്.

പാത്താമുട്ടമെന്ന ചെറിയ ഗ്രാമത്തിൽ നിന്ന് പകർത്തിയ നൈർമല്യം എം. സി. കുറിയാക്കോസ് റമ്പാച്ചനെന്ന മഹാഗുരുവിൽ നിന്ന് ലഭിച്ച ആത്മീയപാഠങ്ങളും അനുഗ്രഹങ്ങളും നിരന്തര പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഉലയിലൂതി, തീവ്രമായ ജീവിതാനുഭവങ്ങളാൽ നിറം പിടിപ്പിച്ച് ഉത്തമദർശനത്തോട് ഇഴ പിരിച്ചു ചേർത്ത മഹനീയമാതൃകയാണ് ആ ജീവിതം നമ്മെ വരച്ചു കാട്ടുന്നത്.

ലാളിത്യം ജീവിതവ്രതമാക്കിയൊരാൾ. പദവിയുടെ ആഡംബരങ്ങൾ എന്നും അദ്ദേഹത്തിന് അന്യമായിരുന്നു. സെക്കൻഡ് ക്ലാസ് യാത്രയും, ചെലവ് ചുരുക്കിയുള്ള ജീവിതക്രമവുമെല്ലാം ഒരു വിശാല ലക്ഷ്യത്തിലേക്കുള്ള പാകപ്പെടുത്തലിന്റെ ഭാഗമായിരുന്നു. സാമൂഹിക നീതിയിലൂന്നിയ വികസനം ക്രിസ്തീയ സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമെന്ന് ഉറച്ചു വിശ്വസിക്കുകയും അത് പ്രാവർത്തികമാക്കുവാൻ അവസാനം വരെ അദ്ധ്വാനിക്കുകയും ചെയ്തു അദ്ദേഹം. ഉത്തരേന്ത്യാ മിഷനു വേണ്ടി കണ്ടെത്തിയ ആസ്ഥാനത്തെ വിശാലമായ വളപ്പിലുള്ള ഓരോ മൺതരിയും തിരുമേനിക്ക് പരിചിതമായിരുന്നു. നാട്ടിൽ നിന്നുള്ള നടുതലകൾ ഭിലായിയിൽ ഫലം പുറപ്പെടുവിച്ചതിനു പിന്നിൽ ഈ ശ്രേഷ്ഠാചാര്യന്റെ വിയർപ്പുകൂടിയുണ്ടെന്നതാണ് സത്യം.

ഗുരുവായിരുന്ന റമ്പാച്ചൻ പ്രാർത്ഥിച്ചത് തനിക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെല്ലാം ഇരട്ടിയായി തന്റെ ശിഷ്യന് ലഭിക്കുവാനായിരുന്നു. ആ പ്രാർത്ഥന നിറവേറി എന്ന് കാലം നമുക്ക് കാട്ടിത്തരുന്നു. ആഘോഷങ്ങളോ, വാക്ചാതുര്യമോ അല്ല, ദൈവാശ്രയത്തോടുകൂടിയ പ്രവർത്തനവും ആത്മസമർപ്പണവും എത്ര വലിയ ഫലമാണ് പുറപ്പെടുവിക്കുക എന്നു തേവോദോസ്യോസ് തിരുമേനിയുടെ ജീവിതം നമ്മെ കാട്ടിത്തരുന്നു.

ജാതി, മതം, വിദ്യാഭ്യാസയോഗ്യത-ഇവയ്ക്കെല്ലാമപ്പുറമാണ് ഹൃദയബന്ധം എന്ന് ആ കബറടക്കം കാട്ടിത്തന്നു. വഴിവക്കിൽ കണ്ട ചിത്രങ്ങളെ തൊട്ടുവന്ദിച്ച ഗ്രാമീണരും, വിലാപയാത്ര കടന്നുപോയ വഴികളെ ഒരുക്കി നിർത്തുവാൻ ബദ്ധപ്പെട്ട ഹൈന്ദവ സംഘടനാ പ്രതിനിധികളും, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് 'പറന്നു വന്ന' അനേകരും വാക്കുകൾ കൂടാതെ വിളംബരം ചെയ്തത് ഇതു തന്നെയായിരുന്നു.

ഉത്തമ ദർശനത്തിനുടമയായിരുന്ന ആ പിതാവിന്റെ സ്മാരകങ്ങളാണ് അദ്ദേഹം നട്ടു നനച്ചു വളർത്തിയ ഓരോ സ്ഥാപനവും. വിദ്യാലയങ്ങൾ വിജ്ഞാനകേന്ദ്രങ്ങളാണ്. വില്ലേജ് മിഷൻ സെന്ററുകൾ ജീവിതത്തെ പുതിയ കണ്ണോടെ നന്മയോടെ കാട്ടിക്കൊടുക്കുന്നു. ഭിലായിൽ ആരംഭിച്ച വൈദിക സെമിനാരി നേതാക്കളെ-ആചാര്യന്മാരെ-വാർത്തെടുക്കുന്നു. മലങ്കര സഭയുടെ അതിരുകൾ പുനർ നിർണയിക്കുന്നതിന് അനേക ആത്മാക്കളെ സജ്ജരാക്കുവാൻ തിരുമേനിക്ക് സാധിച്ചു.

ദാർശനികൻ ദൈവപുരുഷൻ കൂടെയായി. ആചാര്യൻ ആവിഷ്കാരകനായി. പ്രോദ്ഘാടകൻ പ്രവർത്തകന്റെ ചുമതലയും നിറവേറ്റി. വഴികാട്ടി, വഴിയിലൂടെ നടന്നു വഴിയും സത്യവും ജീവനുമായവങ്കലേക്ക് കടന്നു ചെന്നിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട ആ ജീവിതം തലമുറകൾക്ക് പാഠപുസ്തകമാവട്ടെ. കരുണയുള്ളവരായി, സ്നേഹത്തോടെ സഹോദരങ്ങളെ ശുശ്രൂഷിച്ച്, കൂടുതൽ ദൈവോന്മുഖരാവാൻ നമുക്കു പ്രാർത്ഥിക്കാം.

ഹൃദയങ്ങളിൽ തീകോരി ഇട്ട വാക്കുകൾ

രാജ് ഫിലിപ്പ്

Dreams, that float on an impatientwind
A wind that wants to create a new order
An order of strength and thundering of fire

ആത്മാവിൽ തീ പിടിച്ചസ്വപ്നങ്ങൾ വാക്കുകളിലൂടെ തിരുമേനി വിശ്വാസീഹൃദയങ്ങളിൽ വാരി വിതറുമ്പോൾ ഈ വരികൾ ഓർത്തുപോകും. 2007 മെയ് 13 ഞായർ. അഭിവന്ദ്യ തേവോദോസ്യോസ് തിരുമനസ്സുകൊണ്ട് കുഴിമറ്റം പള്ളിയിൽ നടത്തിയ പ്രഭാഷണം വിസ്മരിക്കുവാൻ ഒരു വിശ്വാസിയുടെ മനസ്സും അനുവദിക്കുകയില്ല. ഭിലായി മിഷ്യന്റെ, കീഴിൽ പാത്താമുട്ടത്ത് ആരംഭിക്കുന്ന കോൺവെന്റിന്റെ പ്രവർത്തനങ്ങളെ പറ്റി തിരുമേനി പ്രസംഗത്തിൽ വിശദീകരിച്ചു. ഹൃദയങ്ങളിൽ ആഴ്നിറങ്ങുന്ന ഒരു ചോദ്യവും അവശേഷിപ്പിച്ച് തിരുമേനി പ്രഭാഷണം അവസാനിപ്പിച്ചു. "മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് കന്യാസ്ത്രീകളെ നൽകുവാൻ ഈ സഭയിലെ സ്ത്രീകൾക്ക് ഉദരം ഇല്ലാതെ പോയോ?" ഈ ശബ്ദം നിലച്ചു പോയിട്ടില്ല... മാറ്റൊലി ഇന്നും മുഴങ്ങികേൾക്കാം... ജനഹൃദയങ്ങളിൽ...

കുഴിമറ്റം സെന്റ് ജോർജ് ഇടവകയിൽ ഗീവറുഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ. ഒപ്പം യുവജനപ്രസ്ഥാനം സ്പതി ആഘോഷ സമാപനവും രണ്ട് പ്രധാന പരിപാടികളുടേയും വിശിഷ്ടാതിഥിയായി തേവേദോസ്യോസ് തിരുമേനിയെ ക്ഷണിക്കുവാൻ യുവജനപ്രസ്ഥാനം തീരുമാനിച്ചു. അന്നുവരെ കുഴിമറ്റം പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുവാൻ സാധിക്കാത്ത ദുഃഖം ക്ഷണിക്കുവാൻ എത്തിയ യുവജനങ്ങളുമായി തിരുമേനി പങ്കുവയ്ച്ചു. മറ്റ് പരിപാടികൾ മാറ്റി വയ്ച്ച് മെയ് 13 ന് വി. കുർബ്ബാന അർപ്പിക്കുവാൻ തിരുമേനി ഇടവകയിൽ എത്തി. വി. കുർബ്ബാനമദ്ധ്യേ പ്രസംഗത്തിൽ പ. ഗീവറുഗീസ് സഹദായെ പരിശുദ്ധന്മാരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുവാൻ ശ്രമിക്കുന്ന റോമൻ കത്തോലിക്കാ സഭാനേതൃത്വത്തെ വിമർശിക്കുകയും പ. സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട വിശ്വാസികളുടെ അനുഭവങ്ങൾ നമ്മെ വഴികാട്ടും എന്ന് പ്രബോധിപ്പിക്കുകയും ചെയ്തു. തുടർന്നുള്ള വാക്കുകളിൽ ഉത്തരഭാരതമിഷനും സ്വപ്നങ്ങളും നിറഞ്ഞു നിന്നു. മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ എത്തി കർത്താവിന്റെ സുവിശേഷം അറിയിച്ചു. മാർത്തോമാ ശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന നാം സുവിശേഷീകരണത്തിന് തുടർന്ന് എന്ത് ചെയ്തു എന്ന ചോദ്യം ഏവരേയും ചിന്തിപ്പിച്ചു. ദൗത്യം മറക്കരുത് എന്നും കൂടുതൽ യുവജനങ്ങൾ മിഷൻ പ്രവർത്തനങ്ങൾക്ക് കടന്ന് വരണം എന്നും ഉത്ബോധിപ്പിച്ചു. ഈ വചനങ്ങൾ വിശ്വാസികളുടെ കാലുകൾക്ക് വിളക്കായി തീരട്ടേ... ഈ നീതിമാന്റെ ഓർമ്മ നമുക്ക് വാഴ്വായി തീരട്ടെ.

സുറിയാനി പഠിച്ചത് കുഴിമറ്റത്ത്

രഞ്ജു കെ. മാത്യു

അഭിവന്ദ്യ തേവോദോസ്യോസ് തിരുമേനി സുറിയാനി പഠിച്ചത് കുഴിമറ്റത്ത് പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോറെപ്പിസ്ക്കോപ്പായുടെ ശിക്ഷണത്തിൽ. സുറിയാനി ഭാഷയിൽ അസാമാന്യ പാണ്ഡിത്യമുണ്ടായിരുന്ന അച്ചനോടൊത്ത് ധാരാളം പട്ടക്കാർ താമസിച്ച് വൈദിക വിദ്യാഭ്യാസം നടത്തിയിരുന്നു. സെമിനാരി പഠനം കഴിഞ്ഞ് അച്ചന്റെ കൂടെ താമസിച്ച് പ്രായോഗിക പരിശീലനം നേടിയ വൈദികരും വളരെയേറെയാണ്.

വൈദിക കർമ്മാനുഷ്ഠാനങ്ങളിലെ അനിർവ്വചനീയമായ വശ്യതയും പ്രസംഗകലയിലെ അനുകരണീയമായ വാഗ്വിലാസവും ഉണ്ടായിരുന്ന ഗുരുവിന്റെ ശിക്ഷണം പിൽക്കാലത്ത് കർമ്മഭൂമിയിൽ ശോഭിക്കുവാൻ തിരുമേനിക്ക് കരുത്തു നൽകി. കുഴിമറ്റം ഇടവകാംഗങ്ങളുമായി നല്ല അടുത്ത ബന്ധം തിരുമേനിയ്ക്കുണ്ടായിരുന്നു. അവസരം ലഭിച്ചപ്പോഴൊക്കെ ഇടവക സന്ദർശിക്കുവാനും തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളോട് പറയുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നു.

കുഴിമറ്റം പള്ളി ഇടവകാംഗങ്ങളായ നിരവധിപേർ കൽക്കട്ടാ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും സജീവനേതൃത്വം നൽകുന്നവരായുണ്ട്. ഇടവകയെ ഒരുപാട് സ്നേഹിച്ച, ഇടവകയുടെ നല്ല സുഹൃത്തിനെയാണ് തിരുമേനിയുടെ ദേഹവിയോഗത്തിലൂടെ നമുക്ക് നഷ്ടമായത്. തിരുമേനിയുടെ വാക്കും പ്രവൃത്തിയും തീർച്ചയായും നമുക്ക് വഴികാട്ടിയാകും.

അണയാത്ത ദീപം.....



കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ സപ്തതി ആഘോഷങ്ങളുടെ സമാപനം 2007 മെയ് 13-ന് മാർ തേവോദോസ്യോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

തിരുമേനിയിൽ നിന്നും.....



2007 മെയ് 13-ന് മാർ തേവോദോസ്യോസ് തിരുമേനി യുവജനപ്രസ്ഥാനം സന്ദർശക ഡയറിയിൽ കുറിച്ചത്.

പ്രവാസികളുടെ ഇടയന് അശ്രുപൂജ...

കവിത

യാത്രാമൊഴി

റെയ്നി തോമസ്

വന്ദ്യനായ ശ്രേഷ്ഠാചാര്യ വിട ചൊല്ലുന്നിതാ
നേർവഴിയിൽ കാത്തു സൂക്ഷിച്ച
പിതാവിനായി നേരുന്നു ശാന്തി
ധർമ്മത്തിന്റെ കേദാരമായൊരു വന്ദ്യ ഗുരോ;
വിശ്വാസത്തിൻ പാതയിൽ കാക്കണം
നിന്റെ അജ്ഞങ്ങളെയെന്നും
പ്രവാസികൾക്കാശ്വാസമായൊരു ശ്രേഷ്ഠ ഗുരോ
സഭയുടെ തേജസ്സിയായി മാറിയ ശ്രേഷ്ഠപിതാവേ
പ്രണാമം.
ഭക്തിയാകും ദീപം തെളിച്ചൊരു
വന്ദ്യപിതാവേ ശാന്തി.
ജീവിതത്തിൻ പാന്ഥാവിൽ
ആത്മാവിൻ സത്ഫലങ്ങൾ
കാത്തുസൂക്ഷിച്ചോരുജ്ജ്വല തേജസ്വി
വന്ദ്യപിതാവേ ശ്ലോമോ.
സ്വർഗ്ഗരാജ്യത്തേശുവിൻ ചാരെ
അങ്ങെത്തിടുമ്പോൾ
അഭ്യർത്ഥിക്ക വന്ദ്യപിതാവേ അജ്ഞഗണങ്ങൾക്കായി
സത്ഗുരുവേ നേരുന്നു ഞങ്ങൾ യാത്രാമൊഴി
ശ്രേഷ്ഠാചാര്യ നേരുന്നു ഞങ്ങൾ യാത്രാമൊഴി.

50-ാം ജന്മദിനത്തിൽ മെത്രാൻ സ്ഥാനത്തേയ്ക്ക്

1924 ഒക്ടോബർ 2-ന് ജനിച്ച ഫാ. കെ. കെ. പുന്നൂസിനെ 50-ാം ജന്മദിനമായ 1974 ഒക്ടോബർ 2-ാം തീയതി നിരണത്തു നടന്ന മലങ്കര അസോസിയേഷനിൽ വച്ച് മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. പരിശുദ്ധ ഔഗേൻ ബാവായുടെ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് അന്നത്തെ സീനിയർ മെത്രാപ്പോലീത്തായായിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയായിരുന്നു അസ്സോസിയേഷൻ അദ്ധ്യക്ഷൻ. ഫാ. എം. വി. ജോർജ്ജ് (ഗീവർഗീസ് മാർ ഒസ്താത്തിയോസ്), ഫാ. പോൾ വർഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്), ഫാ. കെ. സി. തോമസ് (തോമസ് മാർ മക്കാറിയോസ്), ഫാ. പി. വി. ജോസഫ് (ജോസഫ് മാർ പക്കോമിയോസ്) എന്നിവരായിരുന്നു ഫാ. കെ. കെ. പുന്നൂസിനോടൊപ്പം (സ്തേഫാനോസ് മാർ തേവോദോസ്യോസ്) മെത്രാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട മറ്റു നാലുപേർ. ഇവരെ 1975 ഫെബ്രുവരി 16-ാം തീയതി നിരണം പള്ളിയിൽ വച്ച് പരിശുദ്ധ ഔഗേൻ ബാവ മെത്രാപ്പോലീത്താമാരായി വാഴിച്ചു.

1974 ഒക്ടോബർ 2-ന് നിരണത്തു നടന്ന എപിസ്കോപ്പൽ തെരഞ്ഞെടുപ്പ് വേളയിൽ (ഇടതു നിന്ന് നാലാമത് തിരുമേനി)

കുഴിമറ്റത്ത് അവസാനമായി...

കാലം ചെയ്ത കൽക്കട്ടാ ഭദ്രാസനാധിപൻ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ കുഴിമറ്റം സെന്റ് ജോർജ്ജ് പള്ളിയിൽ അവസാനമായി എത്തിയത് 2007 മെയ് 13-ാം തീയതി ഞായറാഴ്ച യുവജനപ്രസ്ഥാനത്തിന്റെ സപ്തതി ആഘോഷങ്ങളുടെ സമാപനം ഉദ്ഘാടനം ചെയ്യുവാനും വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപെരുന്നാളിന് കാർമ്മികത്വം വഹിക്കുവാനുമായിരുന്നു. കുഴിമറ്റത്തിന്റെ സമീപ പ്രദേശമായ പാത്താമുട്ടം സ്വദേശിയായ അഭിവന്ദ്യ തിരുമേനിയുടെ ബാല്യകാലജീവിതം ഈ ദേവാലയത്തോട് ചേർന്നായിരുന്നു. ബാല്യകാലത്തും, വൈദികനായും, മെത്രാപ്പോലീത്തായായും നിരവധി തവണ തിരുമേനി ഇടവക സന്ദർശിച്ചിട്ടുണ്ട്.

ജോർജിയൻ

രക്ഷാധികാരി

ഫാ. പി. എ. തോമസ് കളരിക്കൽ

എഡിറ്റർ

ഗീവർഗീസ്. സി. ആർ ചിറപ്പുറം

എഡിറ്റോറിയൽ ബോർഡ്

രഞ്ജു കെ. മാത്യു,
കരോട്ടു പുത്തൻപുരയ്ക്കൽ
സിജിത്ത് കുന്നപ്പള്ളി, നീലഞ്ചിറ
ജിജോമോൻ പി. എസ്, പാറപ്പറമ്പിൽ
ജോൺസൺ പി. ഏബ്രഹാം, പാലമൂട്ടിൽ
ശ്രുതി മറിയം ബാബു, മാമ്മൂട്ടിൽ
ലോയിസ് അന്നാ റോബി, കാരാണിക്കുളം
റെയ്നി തോമസ്, പാട്ടത്തിൽ

കബറടക്ക ശുശ്രൂഷയിൽ കുഴിമറ്റം ഇടവകാംഗങ്ങൾ

അഭിവന്ദ്യ തേവോദോസ്യോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുക്കുവാൻ ഇടവകയിൽ നിന്ന് 5 പേർ ഭിലായിലേക്ക് പോയി. മാമ്മൂട്ടിൽ ബാബുക്കുട്ടി ഈപ്പൻ, ചിറപ്പുറത്ത് സി. ആർ ഗീവർഗീസ്, പട്ടശ്ശേരിൽ ജോബി പി. ചെറിയാൻ, കണിയാംപറമ്പിൽ റോബി ഏബ്രഹാം, എരുമത്താനത്ത് സോബി ചാക്കോ എന്നിവർ സഭാനേതൃത്വം, പാത്താമുട്ടം സ്ലീബാപ്പള്ളി ഇടവകാംഗങ്ങൾ, തിരുമേനിയുടെ കുടുംബാംഗങ്ങൾ എന്നിവർക്കൊപ്പം കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തു.

ആ ശബ്ദം ഇന്നും മുഴങ്ങുന്നു...

ലോയിസ് അന്നാ റോബി

സമൂഹത്തിന്റെ ആവശ്യം അറിഞ്ഞ് ഉറച്ച ആശയങ്ങൾ അവതരിപ്പിച്ച അത്യുജ്ജ്വലനായ ഒരു മേൽപട്ടക്കാരനേയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. ശോഭയേറിയ ആ വ്യക്തിത്വം എന്നും കർമ്മരംഗത്തിന് പ്രാധാന്യം നൽകിവന്നു. പാത്താമുട്ടത്ത് പണിതീർക്കുന്ന സാന്തോം കോൺവന്റ് എന്ന സ്ഥാപനം തിരുമേനിയുടെ വലിയ സ്വപ്നമായിരുന്നു. വളർന്നുവരുന്ന സഭയിൽ വിരളമായിക്കൊണ്ടിരിക്കുന്ന കന്യാസ്ത്രീകളെ വളർത്തിയെടുത്ത് ഉന്നത പഠനം നൽകി സഭയുടെ അമൂല്യസമ്പാദ്യങ്ങളാക്കി മാറ്റി മിഷനറി പ്രവർത്തനങ്ങൾക്കും സാമൂഹ്യസേവന പദ്ധതികൾക്കും നേതൃത്വം നൽകാൻ അവരെ പരിശീലിപ്പിക്കുവിധം ആ സ്ഥാപനം നിലകൊള്ളണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. കന്യാസ്ത്രീകളേ പ്രസവിപ്പാൻ മലങ്കരസഭയിൽ അമ്മമാർ ഇല്ലയോ എന്ന ചോദ്യം ഉന്നയിച്ച തിരുമേനിയുടെ വാക്കുകൾ ആരേയും ചിന്തിപ്പിക്കുന്ന ഒന്നാണ്. അനേകം മാങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്തിവന്ന തിരുമേനിയുടെ പാതപിൻതുടർന്ന് സമൂഹത്തിൽ വരുത്തേണ്ടതായ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ അദ്ദേഹത്തിന്റെ സന്ദേശങ്ങൾ എന്നും സഹായകമാണ്. ഈ അവസരത്തിൽ തിരുമേനിയുടെ നൂതനവും വ്യത്യസ്തവും, ഹൃദ്യവുമായ ആശയങ്ങൾ നമുക്ക് സ്മരിക്കാം. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

മലങ്കരയുടെ രണ്ടാം പുലിക്കോട്ടിൽ തിരുമേനി

ജിബു ബാബു

മറ്റെല്ലാനേട്ടങ്ങളെക്കാളുമുപരിയായി സഭയ്ക്ക് ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി നൽകിയിട്ടുള്ള വലിയ സംഭാവനയാണ് നാഗപ്പൂർ സെമിനാരി. അമ്പതോളം വർഷങ്ങൾ കേരളത്തിന് പുറത്ത് ഉത്തരഭാരതത്തിൽ മുഴുവൻ സമയവും ജീവിച്ച തിരുമേനിയ്ക്ക് ഉത്തരേന്ത്യൻ ജീവിതത്തെപ്പറ്റിയും വളരുന്ന തലമുറയെപ്പറ്റിയും വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. മലയാള ഭാഷയും സുറിയാനി സംസ്ക്കാരവും കേരളത്തിന് വെളിയിൽ ജനിച്ചു വളരുന്ന തലമുറയ്ക്ക് അനിവാര്യമല്ലെന്നറിഞ്ഞുകൊണ്ട് പുതിയ മാറ്റങ്ങൾക്ക് അനുസരണമായി പ്രാദേശിക ഭാഷയിൽ ആരാധന ക്രമീകരിക്കുക എന്നത് സഭയുടെ അടിയന്തിര ആവശ്യമാണെന്ന് അദ്ദേഹം വിശ്വസിക്കുകയും അതിന്റെ ഒന്നാമത്തെ കാൽവെയ്പ്പായി 1991-ൽ ഭിലായിൽ ഒരു പരിശീലനകേന്ദ്രം തുടങ്ങിയത് എന്നാൽ അത് വിജയിച്ചില്ല. ഒരു പൂർണ്ണ സെമിനാരി തന്നെയാണ് അത്യാവശ്യം എന്ന് അറിഞ്ഞുകൊണ്ട് 1995 സെപ്റ്റംബർ 14-ാം തീയതി ഭിലായിലെ സെന്റ് തോമസ് ആശ്രമത്തിൽ 7 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് സെമിനാരി ആരംഭിച്ചു. എന്നാൽ ഭിലായിയെക്കാൾ ഭാരതത്തിന്റെ ഭൂമിശാസ്ത്ര കേന്ദ്രസ്ഥാനമായ നാഗപ്പൂരിലേക്ക് സെമിനാരി മാറ്റി സ്ഥാപിക്കണമെന്ന ആശയം ഉയർന്നു വരികയും 1997-ൽ നാഗപ്പൂരിൽ 15 ഏക്കർ സ്ഥലം വാങ്ങുകയും സെമിനാരി പണി ആരംഭിക്കുകയും ചെയ്തു. 1999-ൽ സെമിനാരി ഭിലായിൽ നിന്നും നാഗപ്പൂരിലേക്ക് മാറ്റുകയും കൂദാശ നിർവ്വഹിക്കുകയും ചെയ്തു. ബാഹ്യകേരളത്തിലെ മുംബൈ, ഡൽഹി, ചെന്നൈ, കൽക്കട്ട എന്നീ ഭദ്രാസനങ്ങൾക്കുവേണ്ടിയായിട്ടാണ് പുതിയ സെമിനാരി. ഉത്തരേന്ത്യയിൽ ജനിച്ചു വളരുന്ന സഭാമക്കളെ തിരഞ്ഞെടുത്ത് നേതൃത്വ നിരയിലേക്ക് പരിശീലിപ്പിക്കുക, ബാഹ്യകേരള ഭദ്രാസനങ്ങളുടെ ആദ്ധ്യാത്മിക കേന്ദ്രമായി വളർത്തുക തുടങ്ങിയവയായിരുന്നു തിരുമേനിയുടെ നാഗപ്പൂർ സെമിനാരിയെപ്പറ്റിയുള്ള പ്രതീക്ഷ. ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള വേദപഠന കോഴ്സുകളും വിശുദ്ധ കുർബ്ബാനയും ഇന്ത്യയിൽ മുഴുവനും വ്യാപിപ്പിക്കുന്നതിന് സെമിനാരി ഉപകരിക്കുന്നു.

സഭയുടെ ബാഹ്യകേരള കേന്ദ്രം എന്ന നിലയിൽ നാഗപ്പൂർ സെമിനാരി അറിയപ്പെടുന്നു. സെമിനാരിയുടെ നിർമ്മാണത്തിനാവശ്യമായ ഏറിയ പങ്ക് പണവും തിരുമേനിയുടെ ശ്രമഫലമായി ലഭിച്ചതാണ്. സഭയ്ക്കെന്നും അഭിമാനിക്കാവുന്ന മലങ്കര സഭയുടെ രണ്ടാമത്തെ സെമിനാരി സ്ഥാപകൻ എന്ന് സഭാചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കുന്ന തിരുമേനിയുടെ നാമം എന്നും ഓർക്കപ്പെടുന്നതാണ്. എളിയ തുടക്കത്തിൽ നിന്ന് വലിയ കാര്യങ്ങൾ സഭയ്ക്കു വേണ്ടി നേടുവാൻ സാധിച്ച മാർ തേവോദോസ്യോസ് മലങ്കരയുടെ രണ്ടാം പുലിക്കോട്ടിൽ തിരുമേനിയായി സഭാ ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടും.

നവോത്ഥാന ശില്പി

(രണ്ടാം പേജിൽ നിന്നും തുടർച്ച)

എന്നു ഈ പിതാവ് വിശ്വസിച്ചു. പള്ളികളിലും പട്ടക്കാരുടെ ഇടയിലും മാത്രം ഒതുക്കി നിർത്താവുന്ന ഒരു വ്യക്തിത്വമായിരുന്നില്ല അഭിവന്ദ്യ പിതാവിന്റേത്.

തേവോദോസ്യോസ് പിതാവ് തന്റെ കർമ്മപാത കണ്ടെത്തിയത് മദ്ധ്യപ്രദേശിലെ ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും പ്രതീകങ്ങളായി വിരാജിക്കുന്ന ഗ്രാമങ്ങളിലായിരുന്നു. 'അഭയനികേതൻ' എന്ന ഗ്രാമീണമിഷന്റെ പ്രേക്ഷിതയാത്ര 40 ഗ്രാമങ്ങളിൽ എത്തിക്കഴിഞ്ഞു. വിദ്യാഭ്യാസം, വൈദ്യസഹായം തുടങ്ങിയ കർമ്മപരിപാടികളാണ് ഇതിന്റെ ലക്ഷ്യം. ഉത്തരഭാരതത്തിലെ എല്ലാ ഗ്രാമങ്ങളിലും 'അഭയനികേതന്റെ' സഹോദരീസ്ഥാപനങ്ങൾ തുടങ്ങാൻ ശ്രമം തുടങ്ങിക്കഴിഞ്ഞു.

സൂര്യോദയം മുതൽ അസ്തമയം വരെ പണിചെയ്യുന്ന പട്ടിണിപ്പാവങ്ങൾക്ക് അഭയനികേതൻ ആശ്രയകേന്ദ്രമാണ്. ആർഷഭാരതത്തിന്റെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങിയ മാർ തേവോദോസിയോസ് പിതാവ് തികച്ചും മലങ്കരസഭയുടെ ഉത്തരഭാരതമിഷന്റെ നവോത്ഥാന ശില്പിയാണ്. ഈ പിതാവിന്റെ സമ്പൂർണ്ണ സമർപ്പണവും ആഴമായ വിശ്വാസവും വിശുദ്ധജീവിതവും ത്യാഗമനോഭാവവും എന്നും നമുക്ക് മാതൃകയാണ്.

സേവനത്തിലൂടെ ജീവിതം ധന്യമാക്കി, യേശുവിന്റെ ശാന്തിയും സ്നേഹവും ചുറ്റുമുള്ള മനുഷ്യജീവിതത്തിലേക്ക് കൈമാറി, മനുഷ്യസേവനമാണ്, സ്നേഹമാണ്, ജഗദീശ്വരന്റെ ഏകകല്പന, സ്നേഹം സേവനം കൊണ്ടു ഫലമണിയും എന്ന് മനസ്സിലാക്കി, തന്റെ ലോകത്തിനുവേണ്ടി, രാജ്യത്തിനുവേണ്ടി, സഹപൗരനുവേണ്ടി, ജീവിതം മുഴുവനും സമർപ്പിച്ച ഒരു അജപാലകൻ. തിരുമേനിയുടെ ശബ്ദം, സേവനം ഈ ഒരു പുതിയ സമൂഹത്തിനുവേണ്ടിയുള്ള കേളീനാദമായി തീരട്ടെ. ഉത്തരഭാരതത്തിലെ ജ്യോതിസ്സായി ശോഭിച്ച തേവോദോസിയോസ് തിരുമേനിയുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. ◆

"കൊയ്ത്ത് വളരെയേറയുണ്ട്; വേലക്കാരോ ചുരുക്കം"

പുനർ വായന

ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ്

പ്രവർത്തകരുടെ അഭാവം മിഷൻ രംഗത്ത് വളരെ വലിയ ഒരു പ്രശ്നമാണ്. വടക്കേ ഇന്ത്യാ മിഷനിൽ എന്തുകൊണ്ട് പ്രവർത്തകർ എത്തുന്നില്ല? വൈദിക പരിശീലന കേന്ദ്രങ്ങളിൽ അർത്ഥികളുടെ തിക്കും തിരക്കും വളരെ കൂടുമ്പോൾ മിഷൻ പരിശീലന കേന്ദ്രങ്ങളുടെ വാതിലുകൾ അടയ്ക്കുന്നു. സഭയുടെ ജീവസ്രോതസ്സാണ് മിഷൻ പ്രവർത്തനം. മിഷൻ പ്രവർത്തനം ഇല്ലാതെ ലോകത്ത് ഒരു സഭയും വളർന്നിട്ടില്ല. 88,000 ചതുരശ്ര കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിൽ 15-ൽപരം ക്രൈസ്തവസഭാപ്രവർത്തകർ പ്രവർത്തിക്കുന്ന മേഖലകളിൽ മാത്രം നമ്മുടെ മിഷൻ പ്രവർത്തനം ഒതുങ്ങി നിൽക്കാൻ നാം ആഗ്രഹിക്കുന്നു. അതിവിശാലമേഖലകൾ ഉള്ള നോർത്തിന്ത്യയിൽ പ്രവർത്തകർ നാമമാത്രം അവശേഷിക്കുന്നു. വരും തലമുറയ്ക്ക് നമുക്ക് കൊടുക്കുവാനുള്ള മിഷൻ രംഗത്തെ സംഭാവനകൾ എന്ത് എന്ന് നാം നമ്മോടുതന്നെ ചോദിക്കുക. ഇതരസഭയിൽ മിഷൻ പ്രവർത്തനം ധൃതഗതിയിൽ നടക്കുമ്പോൾ അതിൽ ഭാഗഭാക്ക് ആയി നമ്മുടെ കുഞ്ഞുങ്ങൾ മാതാപിതാക്കളോട് ചോദിക്കുന്നു. നമ്മുടെ സഭയിൽ ഇങ്ങനെയുള്ള പ്രവർത്തനം ഉണ്ടോയെന്ന്? എന്ത് ഉത്തരമാണ് ആ മക്കൾക്ക് നാം കൊടുക്കുന്നത്.

കേരളത്തിലെ വിശ്വാസികളിൽ 80 ശതമാനം നോർത്ത് ഇന്ത്യാ മിഷനെക്കുറിച്ച് ബോധവാന്മാർ അല്ല. ഈ രംഗത്ത് ജനങ്ങളെ ബോധവാന്മാർ ആക്കാത്തപക്ഷം ഈ രംഗത്തുനിന്നും നാം പിൻതള്ളപ്പെട്ടുപോകും.

സഭയ്ക്ക് എന്നും അഭിമാനത്തിന്റെ ദീപസ്തംഭമായി നിലകൊള്ളുന്ന ഒരു മഹത്തായ പ്രസ്ഥാനം ആണ് ഭിലായ് മിഷൻ. ഈ സ്ഥാപനത്തെ കേന്ദ്രമാക്കിക്കൊണ്ട് വടക്കേ ഇന്ത്യ മുഴുവനും കർത്താവിന്റെ വചനം വിതയ്ക്കാൻ പറ്റിയ വയലുകളാണുള്ളത്. പക്ഷേ ഒരു കാര്യം! വയലുകൾ ഉണ്ട്. ഒരുക്കാനും വിതയ്ക്കാനും ആളുകൾ ഇല്ല. എങ്ങനെ ആളുകളെ ഒരുക്കാൻ സാധിക്കും യഥാർത്ഥ ദൈവവിളിയെ മനസ്സിലാക്കി എത്തുന്ന വ്യക്തികൾക്ക് മാത്രം അത് സാധിക്കും.

ധാർമ്മിക മൂല്യങ്ങൾക്കും ക്രിസ്തീയ ജീവിത തത്വസംഹിതകൾക്കും വിലയിടിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഏതൊരു പ്രവൃത്തിയുടെയും മാനദണ്ഡം പണമായിത്തീർന്നിരിക്കുന്ന ആധുനിക ലോകത്തിൽ സത്യത്തിനും നീതിക്കും ആത്മാർത്ഥതയ്ക്കും സ്നേഹത്തിനുമെല്ലാം സ്ഥാനം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള ഒരു സമൂഹത്തിലേക്കായിരുന്നു രണ്ടായിരം വർഷങ്ങൾക്കു മുമ്പ് 'ദൈവരാജ്യത്തെപ്പറ്റിയുള്ള സദ്വാർത്ത ഞാൻ ഉദ്ഘോഷിക്കണം. അതിനുവേണ്ടിയാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്' (ലൂക്കോ. 4:43) എന്നു സാക്ഷ്യപ്പെടുത്തിക്കൊണ്ട് പിതാവായ ദൈവത്തിന്റെ സദ്വാർത്തയുടെ ഒന്നാമത്തെ പ്രഘോഷകനും ഏറ്റവും വലിയ പ്രഘോഷകനുമായ ക്രിസ്തു ഇറങ്ങിവന്നത്.

അനീതിയും, അക്രമവും, വഞ്ചനയും നിറഞ്ഞ ആധുനിക യുഗത്തിൽ മറ്റൊരു ക്രിസ്തുവായി അവതരിക്കേണ്ടത് ഈ മിഷൻ രംഗങ്ങളിലൂടെയാണ്. കഠിനാദ്ധ്വാനവും, സഹനവും, സുവിശേഷാനുസൃതമായ ജീവിതവും വഴി സ്വയം ശൂന്യമാക്കിയ കുരിശിങ്കൽ വഴിയും ബലം പ്രയോഗിച്ച് ഓരോ ക്രൈസ്തവനും സത്യത്തിനുവേണ്ടി നിലകൊള്ളണം. പക്ഷേ സത്യത്തിലേക്കും പ്രകാശത്തിലേക്കും സഞ്ചരിക്കുമ്പോൾ നാം പലപ്പോഴും ഈ രംഗത്ത് ഏകരായിത്തീരുന്നു. ഇന്നത്തെ മനുഷ്യൻ പ്രഭാഷണങ്ങൾ കേട്ടു മടുത്തിരിക്കുന്നു. അവനെ ഇപ്പോൾ വാക്കുകളൊന്നും സ്വാധീനിക്കുന്നില്ല. ഇന്നത്തെ മനുഷ്യൻ ഒരാൾ എങ്ങനെ പ്രസംഗിക്കുന്നു എന്നല്ല എങ്ങനെ ജീവിക്കുന്നു എന്നാണ് നോക്കുന്നത്. വാക്കുകളും അതോടൊപ്പം പ്രവർത്തികളും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒന്നായിരിക്കണം നമ്മുടെ മിഷൻ പ്രവർത്തനം. ദരിദ്രനെ സുവിശേഷം അറിയിക്കുകയും പീഡിതരെ ആശ്വസിപ്പിക്കുകയും ചെയ്ത ക്രിസ്തുനാഥന്റെ മാതൃക അനുസരിച്ച് പാവപ്പെട്ടവരുടെയും ദുരിതമനുഭവിക്കുന്നവരുടെയും നിരാലംബരുടെയും ഇടയിലേക്ക് ഒരിറ്റു സ്നേഹത്തിന്റെ കൈത്തിരിയുമായി, ഈ വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങളിലേക്ക് നമുക്ക് കടന്നുചെല്ലാം.

അനീതിയേയും അക്രമത്തേയും ന്യായീകരിച്ചു പോഷിപ്പിക്കുന്ന ആധുനിക വ്യവസ്ഥിതിയുടെ മുമ്പിൽ നമ്മുടെ പ്രവർത്തനം ഒരു വെല്ലുവിളിയായിത്തീരണം. മലങ്കരസഭയിലെ ധീരയുവാക്കളെ ചിന്തിക്കുക... സ്വീകരിക്കുക.

'മനുഷ്യസേവനമാണ് മാനവസേവ
സ്നേഹമാണ് ഈശ്വരന്റെ ഏക കല്പന
സ്നേഹം സേവനംകൊണ്ടേ ഫലമണിയൂ
സ്നേഹമാണ് ഈശ്വരനു'
എന്റെ ലോകത്തിനുവേണ്ടി
എന്റെ രാജ്യത്തിനുവേണ്ടി
എന്റെ സഹപൗരനുവേണ്ടി
എന്റെ സഭയ്ക്കുവേണ്ടി
എന്റെ അയൽക്കാരനുവേണ്ടി
ഞാൻ എന്തു ചെയ്തു?
എനിക്ക് എന്ത് ചെയ്യാം?

പിതാവേ അങ്ങയുടെ തിരുവിഷ്ടം നിറവേറ്റുവാൻ ഇതാ ഞാൻ വരുന്നു. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പരിശുദ്ധാത്മാവിൽ സ്നേഹത്തിലും സേവനത്തിലും ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ സുകൃതങ്ങൾ പാലിച്ചുകൊണ്ട് സമർപ്പണജീവിതത്തിലൂടെ ദൈവരാജ്യത്തിന്റെ അനന്തസന്തോഷം തങ്ങളിലും മറ്റുള്ളവരിലും ഒരു യാഥാർത്ഥ്യമാക്കിത്തീർക്കാൻ ആഗ്രഹിക്കുന്ന യുവാക്കളെ നിങ്ങൾക്ക് സ്വാഗതം.

(കടപ്പാട്: 1993 ഏപ്രിൽ, ഓർത്തഡോക്സ് യൂത്ത്)

പുന്നൂസും നാടകവും പിന്നെ പ്രേംനസീറും...

ഗീവർഗീസ് സി. ആർ.

കെ. കെ. പുന്നൂസ് എന്ന പുന്നായി (പിന്നീട് മാർ തേവോദോസ്യോസ്) ചിങ്ങവനം കക്കുഴി ഇംഗ്ലീഷ് സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് സാഹിത്യസമാജം സെക്രട്ടറിയായി. ആ വർഷത്തെ സ്കൂൾ വാർഷികത്തിന് സമാജത്തിന്റെ ആഭിമുഖ്യത്തിൽ 'സ്നാപക യോഹന്നാൻ' എന്ന ഒരു നാടകം അവതരിപ്പിക്കാൻ തീരുമാനിച്ചു. അന്നത്തെ മലയാളം സീനിയർ അദ്ധ്യാപകനായിരുന്ന എസ്. കെ. നായർ ആയിരുന്നു നാടകത്തിന്റെ സംവിധാനവും ഹെരോദ്യയുടെ ഭാഗം അഭിനയിച്ചതും. ശലോമിയുടെ നൃത്തരംഗവും മറ്റും അഭിനയിക്കാൻ അദ്ദേഹം പുന്നൂസിനെ നിർബന്ധിച്ചു.

നാടകാഭിനയവും മറ്റും ക്രിസ്തീയ ജീവിതത്തിന് എതിരാണെന്ന യാഥാസ്ഥിതക മനോഭാവം പുലർത്തിയിരുന്ന ഗുരുവായ കുറിയാക്കോസ് റമ്പാച്ചൻ താൻ ഒരു നാടകത്തിൽ- അതും ഒരു പെൺകുട്ടിയുടെ വേഷത്തിൽ എന്നറിയുമ്പോൾ ഉണ്ടാകുന്ന ഭവിഷത്തുകൾ ഓർത്ത് പുന്നൂസ് ഒഴിഞ്ഞ് മാറാൻ നോക്കിയെങ്കിലും സമാജത്തിന്റെ സെക്രട്ടറി എന്ന നിലയിൽ അഭിനയിക്കാൻ നിർബന്ധിതനായി. റമ്പാച്ചൻ അറിയാതെ നാടകത്തിൽ അഭിനയിച്ചു.

രംഗത്തെത്തിയപ്പോൾ ശലോമിയുടെ വേഷം കെട്ടിയ പുന്നൂസ് വിശിഷ്ടാഥിതികളുടെ കൂട്ടത്തിൽ നാടകം കാണാൻ സദസ്സിന്റെ മുൻ നിരയിൽ റമ്പാച്ചന്റെ സഹോദരന്റെ ഭാര്യാപിതാവുകൂടിയായ പട്ടശ്ശേരിൽ അലക്സന്ത്രിയോസ് കോർ എപ്പിസ്ക്കോപ്പാ ഇരിക്കുന്നത് കണ്ട് അമ്പരന്നുപോയി. ഒരു വിധത്തിൽ നാടകം അഭിനയിച്ചു തീർത്തപ്പോഴും പുന്നൂസിന്റെ മനസ്സിൽ ഭയമായിരുന്നു. നാടകാവതരണം വൻവിജയമായിരുന്നു. കുറച്ചുദിവസങ്ങൾക്കു ശേഷം പുന്നൂസ് റമ്പാച്ചനെ കാണുന്നതിനുവേണ്ടി ചെന്നപ്പോൾ അലക്സന്ത്രിയോസ് കോർഎപ്പിസ്ക്കോപ്പാ നാടകത്തെക്കുറിച്ചും നാടകത്തിൽ പുന്നൂസ് ശലോമിയുടെ വേഷം ഭംഗിയായി അവതരിപ്പിച്ച കാര്യവും പറഞ്ഞു. ഭാഗ്യത്തിന്, അന്ന് റമ്പാച്ചൻ എല്ലാം കേട്ടിട്ട് ചിരിക്കുക മാത്രം ചെയ്തു.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുമരകം ഹൈസ്കൂളിന്റെ വാർഷികത്തോടനുബന്ധിച്ച് 'സ്നാപകയോഹന്നാൻ' നാടകം സ്കൂളിൽ അവതരിപ്പിക്കണമെന്ന് ഹെഡ്മാസ്റ്റർ അറിയിച്ച കാര്യം എസ്. കെ. നായർ പുന്നൂസിനോട് പറഞ്ഞു. വീണ്ടും ധർമ്മസങ്കടത്തിലായ പുന്നൂസ് കുറിയാക്കോസ് റമ്പാച്ചൻ അനുവദിച്ചെങ്കിൽ മാത്രമേ അഭിനയിക്കൂ എന്ന് പറഞ്ഞു. റമ്പാച്ചൻ നാടകാഭിനയത്തെ നഖശിഖാന്തം എതിർത്തു. നാടകത്തിൽ പുന്നൂസിന്റെ ഭാഗം അവതരിപ്പിക്കാൻ എസ്. കെ. നായർക്ക് മറ്റൊരാളെ അന്വേഷിക്കേണ്ടിവന്നു. മലയാള സിനിമയിൽ നിത്യഹരിതനായകനായി പില്ക്കാലത്ത് പ്രശോഭിച്ച പ്രേംനസീർ ആയിരുന്നു എസ്. കെ. നായർ പുന്നൂസിന് പകരം കണ്ടെത്തിയത്. നാടകം ആദ്യം അവതരിപ്പിച്ചതുപോലെ കുമരകത്തും വിജയമായിരുന്നു.

(കടപ്പാട്:- മാർ തേവോദോസ്യോസ്: മനുഷ്യസേവനത്തിലേക്കുള്ള മഹാപ്രയാണം)

പാവന സ്മരണയ്ക്ക്

ഷാജി ഏബ്രഹാമും കുടുംബവും

പട്ടശ്ശേരിൽ വാഴച്ചിറ

(സഭാ മാനേജിംഗ് കമ്മിറ്റിയംഗം, കുവൈറ്റ്)

Printed and Published by Fr.P.A. Thomas, President St. George Youth Movement, Kuzhimattom. Editor: Geevarghese C. R., Chirappurathu, Kuzhimattom P. O, Kottayam Mob: 9947945518
Printed at Sophia Print House, Thekkenada, Kottayam, Ph: 3255054, 99471 20697